## പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1918 — 16.06.2014 ന് മറുപടിയ്ക്ക്.

### വനാതിർത്തിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) വനാതിർത്തിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ വന്യമൃഗങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി ആരോഗ്യത്തിനു ഹാനികരമായ ഭക്ഷ്യവസ്തുക്കൾ വനത്തിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) നോർത്ത് വയനാട്, സൗത്ത് വയനാട് ഡിവിഷനുകൾക്ക് കീഴിൽ വനാതിർത്തിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ വന്യമൃഗങ്ങളെ ആകർഷിക്കുന്നതിനായി ഉപ്പും, അമ്ലരസമുള്ള ഭക്ഷണ വസ്തുക്കളും റിസോർട്ടുടമകളുടെ കൈവശസ്ഥലത്ത് വിതറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ഇത് തടയുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥരുടേയും വനസംരക്ഷണ സമിതികളുടേയും എൻ.സി.സി, എൻ.എസ്.എസ് കേഡറ്റുകളുടേയും ആഭിമുഖ്യത്തിൽ സംയുക്ത പരിശോധന നടത്തി വനമേഖലയോട് ചേർന്ന് മാലിന്യം നിക്ഷേപിക്കരുതെന്ന് റിസോർട്ടുടമകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. രാത്രികാല പട്രോളിംഗ്, ഫീൽഡ് പരിശോധന എന്നിവ വനാതിർത്തിയിൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വനമേഖലയോട് ചേർന്ന് റിസോർട്ട് നിർമ്മാണം തടയുന്നതിനും കേരള ലാന്റ് റിഫോംസ് ആക്ട് 1963 ലംഘിച്ച് നടത്തുന്ന റിസോർട്ട് നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകണമെന്നും റിസോർട്ടുടമകളുടെ പ്രവർത്തനം വനമേഖലയ്ക്ക് ദോഷം ചെയ്യുന്നില്ല എന്നുറപ്പുവരുത്തുന്നതിന് പാരിസ്ഥിതികാഘാത പഠനം (Environment Impact Assessment) നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് വയനാട് ജില്ലാ കളക്ടർക്ക് സൗത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ (19.10.2013 തീയതിയിൽ ജി.1-8399/12 നമ്പരായി) കത്ത് നൽകിയിട്ടുണ്ട്. |

(സി) വനാതിർത്തിയിലെ എല്ലാ റിസോർട്ടുകളും അടച്ചു പൂട്ടുന്നത് ടൂറിസം മേഖലയെ എത്രമാത്രം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യം വനം വകുപ്പ് പരിശോധിച്ചിട്ടില്ല.

(ഡി) വനാതിർത്തിയിൽ റിസോർട്ടുകൾക്ക് ലൈസൻസ് അനുവദിക്കരുതെന്ന് പഞ്ചായത്തുകളോട് നിർദ്ദേശിച്ചിട്ടുണ്ടോ ?

(ഡി) വയനാട് ജില്ലയിൽ വനാതിർത്തിയിൽ വനത്തിനും വന്യജീവികൾക്കും ഹാനികരമാകുന്ന തരത്തിൽ റിസോർട്ടുകൾക്ക് ലൈസൻസ് അനുവദിക്കരുതെന്ന് ബന്ധപ്പെട്ട പഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ